(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി. എസ്. സി.-ക്കു വിടാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യ മെന്തെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത ബോർഡിലെ നിയമനങ്ങൾ പി. എസ്. സി. ക്കു വിടുമ്പോൾ അതിലെ നിയമനങ്ങൾക്ക് എല്ലാ സമുദായത്തിലും പെട്ടവർക്ക് അപേക്ഷിക്കുവാനും നിയമനം ലഭിക്കുവാനുമുള്ള അർഹതയുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒരു ഹിന്ദുമത ധർമ്മ സ്ഥാപനമാകയാൽ ഇതിലെ നിയമനങ്ങൾ പ്രധാനമായും ക്ഷേത്രങ്ങളും ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടതും ഭൂരിപക്ഷ ഉദ്യോഗസ്ഥരും ഇത്തരം ചടങ്ങുകൾക്ക് നേതൃത്വപരമായ പങ്കു വഹിക്കുന്നവരുമാണ്. ആരാധനയുടേയും വിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന ദേവസ്വം ബോർഡ് ഉദ്യോഗസ്ഥ നിയമനങ്ങൾ ഹിന്ദുക്കൾക്കും ക്ഷേത്രവിശ്വാസി കൾക്കും മാത്രമായി പരിമിതിപ്പെടുത്തിയിരിക്കുന്നതുമാകുന്നു. ദേവസ്വം ബോർഡ് നിയമനങ്ങൾ പി. എസ്. സി.-ക്കു വിടുന്നതിന് ഗവൺമെന്റ് ഇപ്പോൾ തീരുമാനമെ ടുത്തിട്ടില്ല.

ശബരിമലയുടെ വികസനം

86 [397] *ശ്രീ. റോഷി അഗസ്റ്റിൻ:*
„ *തോമസ് ചാഴികാടൻ:*
„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസനത്തിന് സർക്കാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയി ട്ടുണ്ടോ;

(ബി) എങ്കിൽ മാസ്റ്റർ പ്ലാൻ പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനോടകം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ആദ്യഘട്ട വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും അത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ;

(ഡി) ശബരിമലയിലെ മാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതി തയ്യാറാ ക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയബന്ധിതമായി അത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസൾട്ടൻസി ഏജൻസിയായ ഇക്കോസ്മാർട്ട് ഇന്ത്യാ ലിമിറ്റഡ് ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാനിന്റെ ഔട്ട്ലൈൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) നിലയ്ക്കലിൽ മാസ്റ്റർ പ്ലാൻ ഔട്ട്ലൈൻ പ്രകാരമുള്ള അടിയന്തര നടപടികൾക്ക് വനഭൂമി സംബന്ധിച്ച് അന്തിമ ഉത്തരവ് ഇപ്പോൾ ലഭിച്ചതേയുള്ളൂ. പമ്പ, സന്നിധാനം മേഖലയിലെ അന്തിമ അനുമതി ഏതാനും ദിവസങ്ങൾക്കുള്ളിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സീസണു മുമ്പു തന്നെ അടിയന്തിര പ്രവൃത്തികൾ പൂർത്തിയാക്കാൻ ദേവസ്വം ബോർഡ് നടപടി ആരംഭിച്ചിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ കാരണം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) ലഭിച്ചിട്ടുള്ള പ്രാഥമികാനുമതിയുടെ അടിസ്ഥാനത്തിൽ നിലയ്ക്കലിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക, കുടിവെള്ളം എത്തിക്കുക, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഒരുക്കുക, എന്നിവയും പമ്പ, സന്നിധാനം പ്രദേശത്ത് ടോയ്ലറ്റ്, കുടിവെള്ള സൗകര്യങ്ങൾ, കാർഡിയോളജി സെന്റർ എന്നിവയും ഈ സീസണു മുമ്പായി പൂർത്തിയാക്കുമെന്നാണ് ദേവസ്വം ബോർഡ് ഉറപ്പു നൽകിയിട്ടുള്ളത്.

(ഡി) ശബരിമലയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. എന്നാൽ ആയതിലേക്കുള്ള സ്ഥലം പെരിയാർ ടൈഗർ റിസർവ്വ് ഏരിയായിൽ ഉൾപ്പെട്ടതാകയാൽ സുപ്രീം കോടതിയിൽ നിന്നുകൂടി അനുമതി ലഭിച്ച ശേഷം മാത്രമേ സ്ഥലം പൂർണ്ണമായും വിട്ടുകിട്ടുകയുള്ളൂ. ആയതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം

87 [398] *ശ്രീ. കെ. പി. മോഹനൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കീഴിൽ കണ്ണൂർ ജില്ലയിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിലുള്ള എത്ര ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് പേര് സഹിതം വിശദീകരിക്കാമോ;

(സി) എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിൽ അല്ലാതെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് കണ്ണൂർ ജില്ലയിൽ ധനസഹായം നൽകിയിട്ടുണ്ടെന്ന് പേർ സഹിതം വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly